പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1293

06-03-2018 ൽ മറുപടിക്ക്

## കേരഫെഡിന്റെ പ്രവർത്തനം

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ

മറുപടി

ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരഫെഡിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും, സുതാര്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ആർ.കെ.വി.വൈ സ്കീമിൽ ഉൾപ്പെടുത്തി മുഖേന 150 ടണ്ണിന്റെ, 22 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കൊപ്ര സംസ്കരണ യൂണിറ്റ് കേരഫെഡിന്റെ കരുനാഗപ്പള്ളി പ്ലാന്റിൽ സ്ഥാപിക്കുന്നതിനും കൂടാതെ 20 കൊപ്ര ഡ്രയറുകൾ സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും 3.88 കോടി രൂപയ്ക്ക് സാമ്പത്തിക സഹായത്തിനായി ഒരു പ്രൊപ്പോസൽ കേരഫെഡ് സമർപ്പിക്കുകയും പ്രൊപ്പോസലുകൾക്ക് അനുമതി നൽകുകയും ചെയ്തു. കൊപ്രാ സംസ്കരണ യൂണിറ്റിനുവേണ്ടിയുള്ള 22 കോടി രൂപയിൽ 19.80 കോടി രൂപ ആർ.കെ.വി.വൈ സ്കീമിൽ അനുവദിച്ചിട്ടുണ്ട്. ബാക്കി തുകയായ 2.2 കോടി രൂപ കേരഫെഡിന്റെ വിഹിതമാണ്. ഇതനുസരിച്ച് കേരഫെഡിന് നിലവിൽ 10 കോടി രൂപ അനുവദിച്ച് നൽകുകയും, കൊപ്രാ സംസ്കരണ യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനവുമായി കേരഫെഡ് മുന്നോട്ടുപോകുകയുമാണ്. ഡ്രയറുകളുടെ നിർമ്മാണത്തിന് തുക അനുവദിച്ചതുകൊണ്ട്, ഡ്രയർ നിർമ്മാണവുമായി മുന്നോട്ടുപോകാൻ തീരുമാനിച്ചിട്ടുണ്ട്.<br>കൃഷിഭവനുകൾ വഴി കൃഷി വകുപ്പും, കേരഫെഡും സംയുക്തമായി നടപ്പിലാക്കിയ നാളികേര സംഭരണ പദ്ധതിയിലെ നടത്തിപ്പിൽ ചില പോരായ്മകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും അതനുസരിച്ച് സംഭരണ പ്രക്രിയയിൽ കൃഷിഭവനുകൾക്കു പുറമെ കേരഫെഡിൽ അംഗങ്ങളായ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ/മാർക്കറ്റിംഗ് |

| | | | |
|---|---|---|---|
| | | | സഹകരണ സംഘങ്ങൾ/ കേന്ദ്ര നാളീകേര വികസന ബോർഡിന് കീഴിലുള്ള നാളീകേര ഉല്പാദന സൊസൈറ്റി/ഫെഡറേഷനുകൾ (CPS), ഡ്രയർ സൗകര്യമുള്ള സൊസൈറ്റികൾ എന്നിവ മുഖേന നാളീകേര സംഭരണം പുനരാരംഭിക്കാൻ കേരഫെഡിനോട് ആവശ്യപ്പെട്ടതനുസരിച്ച് നാളീകേരത്തിന്റെ വിപണി വില ഏതെങ്കിലും സമയത്ത് താങ്ങുവിലയിൽ നിന്നും താഴേയ്ക്ക് വരികയാണെങ്കിൽ സംഭരണം പുനരാരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | കേരകർഷകന്റെ താല്പര്യം സംരക്ഷിക്കുന്നതിനും നാളികേരത്തിന് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും കേരഫെഡ് എത്രമാത്രം സഹായകമാണ് എന്ന് വ്യക്തമാക്കാമോ ; | (ബി) | പച്ചത്തേങ്ങയുടെ മാർക്കറ്റ് വില കേരഫെഡിന്റെ സംഭരണ വിലയേക്കാൾ ഇപ്പോൾ ഉയർന്ന് നിൽക്കുന്നതുകൊണ്ട് തേങ്ങ മാർക്കറ്റിൽ വിൽക്കാനാണ് കർഷകർ താല്പര്യം പ്രകടിപ്പിക്കുന്നത്. പച്ചത്തേങ്ങ സംഭരിച്ചയിനത്തിൽ കർഷകർക്ക് നൽകാനുണ്ടായിരുന്ന കുടിശ്ശിക തുക ഇതിനകം പൂർണമായി നൽകി കഴിഞ്ഞിട്ടുണ്ട്. സംഭരണ പ്രക്രിയയിൽ കൃഷിഭവനുകൾക്ക് പുറമേ സഹകരണ സംഘങ്ങളേയും, നാളീകേര ഉല്പാദക കമ്പനികളെയും മറ്റും പങ്കെടുപ്പിക്കാനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. നാളീകേര കർഷകർക്ക് ഇപ്പോൾ ന്യായവില ലഭിക്കുന്നുണ്ട്. കേരഫെഡ് സംഭരിച്ചിരുന്ന വിലയെക്കാൾ (കിലോയ്ക്ക് 25 രൂപ) ഇപ്പോൾ മാർക്കറ്റ് വില ഉയർന്നിട്ടുണ്ട്. ആയതുകൊണ്ട് കർഷകർക്ക് ഇപ്പോൾ നല്ല വില ലഭിക്കുന്നുണ്ട്. |
| (സി) | കേരഫെഡിന്റെ ഉല്പന്നമായ കേര വെളിച്ചെണ്ണയ്ക്ക് പൊതുവിപണിയിലെ വിലയെക്കാൾ ഉയർന്നവില നിശ്ചയിച്ചിട്ടുണ്ടോ; | (സി) | കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽ പോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ല. കൂടാതെ കേരഫെഡ് മുഖേന പൊതു കമ്പോളത്തിൽ ഒരിക്കൽപോലും വെളിച്ചെണ്ണയുടെ വില കൂടുവാൻ ഇടവന്നിട്ടില്ല. |
| (ഡി) | വെളിച്ചെണ്ണ വില അസാധാരണമായ നിലയിൽ വർദ്ധിക്കുമ്പോൾ സാധാരണക്കാർക്ക് ആശ്വാസം നൽകേണ്ട സ്ഥാപനം തന്നെ അമിതവില ഈടാക്കി വില വർദ്ധനവിന് ആക്കം കൂട്ടുന്നത് ന്യായീകരിക്കത്തക്ക നടപടിയാണോ; | (ഡി) | കേരഫെഡിന്റെ കേര വെളിച്ചെണ്ണയുടെ വില 1 ലിറ്റർ പൗച്ചിന് 2017 നവംബർ മാസം 4-ാം തീയതി 220 രൂപയായും (എം.ആർ.പി), നവംബർ മാസം 24-ാം തീയതി 240 രൂപയായും (എം.ആർ.പി), ഡിസംബർ 13-ാം തീയതി 260 രൂപയായും (എം.ആർ.പി), ഉയർത്തിയിരുന്നു. എന്നാൽ 18-01-2018 മുതൽ കേര വെളിച്ചെണ്ണയുടെ വില ഒരു ലിറ്റർ പൗച്ചിന് എം.ആർ.പി 250 രൂപയായും 26-2-2018 മുതൽ എം.ആർ.പി 240 രൂപയായും കുറച്ചിട്ടുണ്ട്. കേരള സർക്കാർ സ്ഥാപനമായ കേരഫെഡ് ഒരിക്കൽ പോലും വെളിച്ചെണ്ണയ്ക്ക് അമിത വില ഈടാക്കിയിട്ടില്ല. വെളിച്ചെണ്ണ |

| | | | |
|---|---|---|---|
| | | | ഉല്പാദിപ്പിക്കാനാവശ്യമായ അസംസ്കൃത വസ്തുവായ കൊപ്ര, കേരഫെഡ് വാങ്ങുന്ന വിലയ്ക്ക് അനുസൃതമായിട്ടാണ് കേരഫെഡ് വെളിച്ചെണ്ണയുടെ വില കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത്. കൊപ്രയുടെ വില കഴിഞ്ഞ 30 വർഷ കാലയളവിലെ സർവ്വകാല റെക്കോർഡിൽ എത്തി നിൽക്കുകയാണ്. 04-11-2017 ൽ, കേരഫെഡ് വാങ്ങിക്കൊണ്ടിരുന്ന കൊപ്രയുടെ വില കിലോയ്ക്ക് 110/- രൂപയിൽ നിന്നും 118/- രൂപയായതു കൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വർദ്ധിപ്പിക്കേണ്ടി വന്നത്. കൂടാതെ 24-11-2017 ന് കൊപ്രയുടെ വില കിലോയ്ക്ക് 118/- രൂപയിൽ നിന്നും 135/- രൂപയായും, 13-12-2017 ന് കിലോയ്ക്ക് 135/- രൂപയിൽ നിന്നും 147/- രൂപയായതും കൊണ്ടാണ് കേര വെളിച്ചെണ്ണയുടെ വില വീണ്ടും വർദ്ധിപ്പിക്കേണ്ടി വന്നത്. എന്നാൽ 18-01-2018 ൽ കൊപ്രയുടെ വില കിലോയ്ക്ക് 147/- രൂപയിൽ നിന്നും 138/- രൂപയായും 2018, ഫെബ്രുവരി 26-ാം തീയതി കിലോയ്ക്ക് 138/- രൂപയിൽ നിന്നും 134/- രൂപയായും കുറഞ്ഞതുകൊണ്ട് കേര വെളിച്ചെണ്ണയുടെ വില അനുസൃതമായി കുറച്ചിട്ടുണ്ട്. |
| (ഇ) | നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ വിദേശത്തേക്ക് കയറ്റി അയക്കുന്നതിന് കേരഫെഡിന് പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ഇ) | നാളികേരത്തിന്റെ മൂല്യവർദ്ധിത വസ്തുക്കൾ കേരഫെഡ് ഇപ്പോൾത്തന്നെ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ